**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2504** **02-08-2021 - ൽ മറുപടിയ്ക്ക്**

**ലഹരി വിരുദ്ധ സന്ദേശം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നമ്മുടെ നാട്ടിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗവും ലഹരി മാഫിയകളുടെ കടന്നു കയറ്റവും കാരണം യുവതലമുറയുടെ ഭാവി തകരുന്ന ഗുരുതരമായ സ്ഥിതി വിശേഷമുള്ള ഇക്കാലത്ത് പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഈ സന്ദേശം പകരത്തക്ക വിധം പാഠ്യപദ്ധതിയിൽ ആവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കാമോ? | (എ) | നിലവിൽ പാഠപുസ്തകങ്ങളിൽ ലഹരി ഉപയോഗത്തിനെതിരെയുള്ള സന്ദേശം ഉൾക്കൊള്ളുന്ന പാഠഭാഗങ്ങൾ ഉൾച്ചേർത്തിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരണ വേളയിൽ ആവശ്യമായ കൂടുതൽ കൂട്ടിച്ചേർക്കലുകൾ വരുത്താൻ നടപടി സ്വീകരിക്കുന്നതാണ്. ആരോഗ്യ ജീവിത നൈപുണി വിദ്യാഭ്യാസത്തിനായി തയ്യാറാക്കിയ 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ 'ഉല്ലാസപ്പറവകൾ' എന്ന പേരിലുള്ള അദ്ധ്യാപക സഹായികളിലും, വർക്കു ബുക്കുകളിലും പദാർത്ഥ ദുരുപയോഗവുമായി (ലഹരി ഉപയോഗം) ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ ജനസംഖ്യ വിദ്യാഭ്യാസ പദ്ധതി (NPEP) യുടെ ഭാഗമായി പദാർത്ഥ ദുരുപയോഗമായി ബന്ധപ്പെട്ട്കുട്ടികളെ സജ്ജരാക്കുന്നതിനായി അദ്ധ്യാപകർക്ക് 'ജീവിതമാണ് ലഹരി' എന്ന കൈപ്പുസ്തകം തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഹയർ സെക്കണ്ടറി തലത്തിൽ സൗഹൃദ ക്ലബ്ബിലെ അദ്ധ്യാപകർക്ക് പരിശീലനവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ